بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 14.08.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

*14.08.15 ന് ബൈത്തുൽ ഫുതുഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**അതിഥികൾക്ക് സൗകര്യമൊരുക്കലും അവരെ ആദരിക്കലും ബഹുമാനിക്കലും അവരെ എല്ലാ ബുദ്ധിമുട്ടുകളിൽനിന്നും രക്ഷിക്കലുമെല്ലാം എല്ലാ പ്രവർത്തകരുടേയും നിർബന്ധ കടമയാണ്. ആരുടെ വീട്ടിലാണോ അതിഥികൾ വരുന്നത് അവരും രാത്രി അനാവശ്യ സംസാരങ്ങളിൽ സമയം നഷ്ടപ്പെടുത്തുന്നതിനുപകരം കൂടുതൽ സമയം ഈ ദിനങ്ങളിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കാര്യങ്ങൾ പറയുന്നതിൽ ചെലവഴിക്കേണ്ടതാണ്. നന്മയുടെ കാര്യങ്ങൾ പറയുക. നന്മനിറഞ്ഞ കാര്യങ്ങൾ പഠിപ്പിക്കുക.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതി നുംശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

അല്ലാഹുവിന്റെ അതിമഹത്തായ അനുഗ്രഹത്താൽ അടുത്ത വെള്ളിയാഴ്ചമുതൽ ബ്രിട്ടൺ അഹ്മദിയ്യാ മുസ് ലിം ജമാഅത്തിന്റെ ജൽസ സാലാന അഥവാ വാർഷിക സമ്മേളനത്തിന് തുടക്കം കുറിക്കുകയാണ്. ഇൻശാ അല്ലാ ഹ്. ജൽസയുടെ തയ്യാറെടുപ്പിനായി കുറെ ആഴ്ചകളായി സന്നദ്ധസേവകർ ഹദീഖത്തുൽ മഹ്ദിയിൽ പൊയ്ക്കൊ ണ്ടിരിക്കുന്നു. കഴിഞ്ഞ 7, 10 ദിവസമായി പൂർണമായ നില യിൽ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയായും മറ്റു പ്രവർത്ത കരും ജോലികൾ ചെയ്തുകൊണ്ടേ ഇരിക്കുകയാണ്. വന ത്തിൽ ജൽസസംഘടിപ്പിക്കുന്നതിന് എല്ലാ ഏർപാടുകളും ചെയ്യുക എന്നത് നിസാരകാര്യമല്ല. പക്ഷേ, നമ്മുടെ രാജ്യ ത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുവരുന്നവർ, ബ്രിട്ടന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ഖാദിംകളും സന്നദ്ധ സേവകരും എത്ര നൈപുണ്യത്തോടെയാണ് ഈ ജോലി ചെയ്യുന്ന തെന്നാൽ അതിന്റെ ഉദാഹരണം ലോകത്ത് മറ്റൊരിടത്തും കാണാൻ കഴിയുകയില്ല. ഒരു സംഘടനയിലും ഇതു നമുക്ക് കാണാനൊക്കുകയില്ല. ഇതും അല്ലാഹുവിന്റെ അനുഗ്രഹ ത്താൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബയ്അത്തിൽ വന്നതിനുശേഷം അല്ലാഹു യുവാക്കളിലും ജോലിചെയ്യു ന്നവരിലും ഉണ്ടാക്കിയിട്ടുള്ള ആവേശമാണ്. മഴയാകട്ടെ വെ യിലാകട്ടെ യുവാക്കൾ അതൊന്നും ഗൗനിക്കാതെ ഹദ്റത്ത് മസീഹ് മൗഊദ്(അ)തുടങ്ങിവച്ച ഈ ജൽസക്കുവേണ്ടി എല്ലാ സമയവും നിസ്വാർഥമായി സേവനം ചെയ്തുകൊ ണ്ടിരിക്കുന്നു. തയ്യാറെടുപ്പുകൾ ചെയ്തുകൊണ്ടിരിക്കുന്നു. പിന്നീട് ജൽസ ദിനങ്ങളിൽ ആയിരക്കണക്കിന് അതിഥി കളെ സേവിക്കുന്നതിനും ജൽസയുടെ കാര്യങ്ങൾ നല്ലനി ലയിൽ നടത്തുന്നതിനുംവേണ്ടി തങ്ങളുടെ സേവനങ്ങൾ സമർപിച്ചുകൊണ്ട് ആളുകൾ വരുന്നതായിരിക്കും. അതി നുശേഷവും ചിതറിക്കിടക്കുന്ന സാധനങ്ങളെല്ലാം ഒരുമിച്ചു കൂട്ടുന്നതിനും സുരക്ഷിതമാക്കിവെക്കുന്നതിനും കുറെ ക്കാലം ജോലി ചെയ്യേണ്ടതായി വരുന്നു. ഈ ജോലി ചെയ്യു ന്നവരിൽ പുരുഷന്മാരുമുണ്ട്-വരാൻ പോകുന്നവരുമുണ്ട് ജോലിചെയ്തുകൊണ്ടിരിക്കുന്നവരുമുണ്ട്-സ്ത്രീകളും ആൺകുട്ടികളും പെൺകുട്ടികളും വൃദ്ധരുമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കാനുള്ള അ സാധാരണമായ ആവേശം ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്ഥാപിച്ച ജമാഅത്തിലല്ലാതെ എവിടേയും കാണാൻ കഴിയു കയില്ല. ഈ പാശ്ചാത്യ രാജ്യങ്ങളിൽ ഭൗതിക സമ്പത്ത് സമ്പാദിക്കുന്നതിലും ഭൗതികകാര്യങ്ങളിൽ മുഴുകുന്നതിലു മാണ് ഇല്ലാമാശാ അല്ലാഹ് മുൻഗണനയുള്ളത്. അവിടെ യാണ് അഹ്മദീ യുവാക്കൾ സവിനയം സന്നദ്ധസേവനം ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഈ പ്രവർത്ത കർക്കുവേണ്ടി തുടർച്ചയായി ദുആ ചെയ്തുകൊണ്ടിരിക്കേ ണ്ടത് നമ്മുടെ കടമയാണ്. അല്ലാഹു അവർക്ക് നല്ലനില യിൽ സേവനം ചെയ്യാൻ തൗഫീഖ് നല്കിക്കൊണ്ടിരിക്കു ന്നതോടൊപ്പം അവരെ എപ്പോഴും എല്ലാ ദ്രോഹങ്ങളിൽ നിന്നും വിഷമങ്ങളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ.

ഇപ്പോൾ മുൻസമ്പ്രദായ പ്രകാരം പ്രവർത്തകർക്കുവേണ്ടി അതിഥിസൽക്കാരത്തെ സംബന്ധിച്ച് കുറച്ചുകാര്യങ്ങൾ പറ യേണ്ടതും നിർബന്ധമാണ്. സകല പ്രവർത്തകരും ഞാൻ മുമ്പേ പറഞ്ഞുപോലെ അധ്വാനത്തോടും ശ്രദ്ധയോടുംകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കു ന്നുവെന്നത് തർക്കമറ്റ കാര്യമാണ്. പക്ഷേ, അതിഥി സൽക്കാ രം ഏറ്റവും മികച്ച നിലയിൽ നിർവഹിക്കുന്നതിനുവേണ്ടി പുതിയതായി ചേരുന്ന ചിലരോടും ആദ്യമായി സേവനം ചെയ്യാൻ തങ്ങളെ സമർപിക്കുന്ന കുട്ടികളോടും ഇപ്രകാരം തന്നെ പഴയപ്രവർത്തകരെ ഓർമപ്പെടുത്തുക എന്നനില യിലും അതിഥിസൽക്കാരത്തെ സംബന്ധിച്ചുള്ള ഇസ്‌ലാമി കാധ്യാപനവും നബി(സ)തിരുമേനിയുടെ ജീവിതമാതൃകയും നബി(സ)തിരുമേനിയുടെ സത്യസന്ധനായ ദാസന്റെ കർമ ങ്ങളേയും അവിടത്തെ ഉപദേശങ്ങളേയും കുറിച്ച് പറയുക എന്നത് അനിവാര്യമായ കാര്യമാണ്. അല്ലാഹു അതിഥി സൽ ക്കാരത്തിന്റെ പ്രാധാന്യം വിവരിച്ചുകൊണ്ട് വിശുദ്ധ ഖുർ ആനിൽ ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ അടുക്കൽ വന്ന അതി ഥികളെ സംബന്ധിച്ച് പറയുന്നുണ്ട്. ആദ്യത്തേതും പെട്ടു

ന്നുണ്ടായതുമായ പ്രതികരണം സ്വാഗതം പറയുകയും സമാധാനം നേരുകയുമായിരുന്നു. അതിനുശേഷം പെട്ടെന്ന് അവർക്ക് ഭക്ഷണത്തിനുള്ള ഏർപ്പാടുചെയ്തു. പിന്നീട് അദ്ദേഹം ചിന്തിച്ചുകൊണ്ടിരുന്ന ലൂത്വിന്റെ അതിഥികളെക്കുറിച്ചുള്ള സംഭവവിവരണമാണ്. അതായത് തന്റെ ജനതയിൽപ്പെട്ടയാളുകൾ അവരെ ബുദ്ധിമുട്ടിക്കരുതെന്നും അതിഥികളെ സംരക്ഷിക്കണമെന്നുമുള്ള ചിന്തയായിരുന്നു. അതിനാൽ, അതിഥികൾക്ക് ബുദ്ധിമുട്ടുണ്ടാകുമോ എന്ന ചിന്ത നമുക്കും ഉണ്ടാകേണ്ടതാണ്. അതിഥികളുടെ ബുദ്ധിമുട്ട് ആതിഥേയന് അപമാനത്തിന് കാരണമാകും. ഈ പാഠവും ഇതിൽനിന്ന് ലഭിക്കുന്നുണ്ട്. അവഗണിച്ചുകളയാൻതക്കവണ്ണം നിസാരമല്ല അതിഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടെന്ന കാര്യം ഓർമയുണ്ടായിരിക്കണം. ഇതുകൊണ്ടു മാത്രമല്ല ഏതെങ്കിലും വിധത്തിൽ അതിഥിക്ക് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അത് ആതിഥേയന് നാണക്കേടിനും അപമാനത്തിനും കാരണമാകുന്നതാണ്. അതുകൊണ്ടാണ് ഇസ്‌ലാം അതിഥികളെ ആദരിക്കാൻ ഒരുപാട് ഉപദേശിച്ചിട്ടുള്ളത്. നബി(സ)തിരുമേനിയുടെ അസാധാരണമായ ഒരുപാട് വിശേഷഗുണങ്ങൾ ഹദ്റത്ത് ഖദീജ(റ)കണ്ടിരുന്നു. അവയിലൊന്ന് പറഞ്ഞത് ഇപ്രകാരമായിരുന്നു: 'താങ്കളെ എങ്ങനെയാണ് അല്ലാഹു നഷ്ടപ്പെടുത്തിക്കളയുക? താങ്കളിൽ അതിഥിസൽക്കാരമെന്ന ഗുണം പാരമ്യതയിൽ എത്തിനില്ക്കുന്നു.' നബി(സ)തിരുമേനിയുടെ ജീവിതത്തിൽ ഒന്നോ രണ്ടോ അഞ്ചോ പത്തോ അല്ല നൂറുക്കണക്കിന് എന്നല്ല അതിനെക്കാളേറെ ഉദാഹരണങ്ങളുണ്ട്! ആ സംഭവങ്ങൾ അവിടത്തെ ആദിത്യമര്യാദകളുടെ ഉന്നതനിലവാരങ്ങൾ കാഴ്ചവയ്ക്കുന്നവയാണ്. പിന്നീട് അവിടത്തെ സ്വഹാബാക്കളേയും സമുദായത്തേയും ഈ രീതികൾ പഠിപ്പിക്കുകയുണ്ടായി. സ്വഹാബാക്കളുടേയും അത്തരം സംഭവങ്ങളുണ്ട്. അത് വായിക്കുമ്പോൾ അത്ഭുതപ്പെട്ടുപോകുന്നു. ഏതുരീതിയിലാണ് അസാധാരണമായ ത്യാഗം ചെയ്ത് അവർ ആതിഥ്യം നല്കിയിരുന്നത്? അല്ലാഹുവും അവരുടെ അതിഥിസൽക്കാരത്തിൽ എങ്ങനെയാണ് അനുഗ്രഹമിടുകയും അനുമോദിക്കുകയും ചെയ്തിരുന്നത്? അതിഥികൾ അധികം വരുന്ന ഘട്ടങ്ങളിൽ നബി(സ)തിരുമേനി അവരെ ഓരോരുത്തർക്കും വീതിച്ചുകൊടുക്കുകയായിരുന്നു പതിവ്. നബി(സ)തന്നെയും അതിഥികളെ വീട്ടിൽകൊണ്ടുപോകുകയും സൽക്കരിക്കുകയും ചെയ്യുമായിരുന്നു. അബുദുല്ലാഹ് ബിൻ തുഹ്ഫ എന്ന സ്വഹാബി(റ) പറയുന്നു: ഒരു അവസരത്തിൽ നബി(സ)തിരുമേനിയുടെ ഭാഗത്തുവന്ന അതിഥികളിൽപ്പെട്ടയാളാണ് ഞാൻ. അവിടന്ന് ഞങ്ങളെ തന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുപോയി. ഭക്ഷണത്തിനെന്തെങ്കിലുമുണ്ടോ എന്ന് അവിടന്ന് ഹദ്റത്ത് ആയിശ(റ)യോടു ചോദിച്ചു. അങ്ങയ്ക്കു നോമ്പുതുറക്കാൻവച്ചിട്ടുള്ള അല്പം 'ഹരീറ' മാത്രമെയുള്ളുവെന്ന് ഹദ്റത്ത് ആയിശ(റ)മറുപടി പറഞ്ഞു. അന്ന് നബി(സ)തിരുമേനിക്ക് നോമ്പുമുണ്ടായിരുന്നു. ആ അല്പഭക്ഷണം നോമ്പുതുറക്കുമ്പോൾ കഴിക്കാനുള്ളതായിരുന്നു. എന്തായാലും നബി(സ)തിരുമേനി പറഞ്ഞുടനെ ഹദ്റത്ത് ആയിശ(റ) പാത്രത്തിൽ അതെടുത്തുകൊണ്ടുവന്നു. അവിടന്ന് അതിൽനിന്ന് അല്പമെടുത്ത് ചുണ്ടോടു അടുപ്പിച്ചു. ഒന്നോ അരയോ കവിളെടുത്തു. ബിസ്മില്ലാഹ് ചൊല്ലിക്കൊണ്ടു കഴിച്ചുതുടങ്ങാൻ അതിഥികളോടു പറഞ്ഞു. അദ്ദേഹം പറയുന്നു: 'ഞങ്ങൾ അതിനെ കാണാത്തനിലയിലാണ് തിന്നുകൊണ്ടിരുന്നത്. എല്ലാവർക്കും വയറുനിറഞ്ഞു. കുടിക്കാൻ വല്ലതുമുണ്ടോ എന്ന് നബി(സ)തിരുമേനി ചോദിച്ചു. അവർ കുടിക്കാനുള്ള പാനീയം കൊണ്ടുവന്നു. നബി(സ)തിരുമേനി അതിൽനിന്ന് അല്പം കുടിച്ചു. ബിസ്മില്ലാഹ് ചൊല്ലിക്കൊണ്ട് കുടിക്കാൻ അവിടന്ന് പറഞ്ഞു. ഞങ്ങൾ അതുകുടിച്ചു. അതിനെ കാണാത്തനിലയിലാണ് ഞങ്ങൾ കുടിച്ചത്. പിന്നീടു നല്ലവണ്ണം ഞങ്ങളുടെ വയറുനിറഞ്ഞു.

ഇതായിരുന്നു അവിടത്തെ അതിഥിസൽക്കാരം. നബി(സ) തിരുമേനി അവർ തിന്നുതുടങ്ങുന്നതിനെക്കാൾ മുമ്പേ തിന്നുകയോ രുചിക്കുകയോ ചെയ്തത്-തിന്നു എന്ന് പറയാൻ പറ്റില്ല, ദുആ ചെയ്യുന്നതിനുവേണ്ടി ചുണ്ടോടു ചേർത്തു-ആ മഹാത്മാവിന്റെ ദുആയുടെ അനുഗ്രഹത്താൽ എല്ലാവർക്കും ഭക്ഷണം എത്തുന്നതിനുവേണ്ടിയായിരുന്നു. എല്ലാവർക്കും അതെത്തുകയും ചെയ്തു. ഇപ്രകാരം ദുആകൊണ്ട് ഭക്ഷണത്തിൽ അനുഗ്രഹം പതിയുകയും വർധിക്കുകയും ചെയ്തിട്ടുള്ള ഡസൻകണക്കിന് മറ്റു സംഭവങ്ങളുമുണ്ട്. ഇതിൽനിന്ന് ബാക്കിയുണ്ടായിരുന്ന അല്പം ഭക്ഷണം കൊണ്ട് എങ്ങനെയാണ് വയറുനിറയെ ആളുകൾ ഭക്ഷണം കഴിച്ചതെന്ന് മനസ്സിലാകുന്നു.

ചിലപ്പോൾ ചില അതിഥികൾ ബുദ്ധിമുട്ടുണ്ടാക്കാറുമുണ്ട്. ആതിഥേയന്റെ ക്ഷമകൈവിട്ടുപോകുന്ന അവസ്ഥ ഉണ്ടാകാറുണ്ട്. പക്ഷേ, അത്തരം സന്ദർഭങ്ങളിലും നബി(സ)തിരുമേനിയുടെ മാതൃക മഹത്തരവും അത്ഭുതകരവുമായിരുന്നു. അതിന്റെ ഫലവുമുണ്ടായി. അവിടന്ന് തന്റെ മാതൃകകാണിച്ചപ്പോൾ സ്വഹാബാക്കളുടെ ജീവിതത്തിലും അതിഥികൾക്കുവേണ്ടിചെയ്ത ത്യാഗങ്ങളുടെ മാതൃകകൾ നമുക്ക് കാണാൻ കഴിയുന്നുണ്ട്. ആ സംഭവവും അതുല്യമാണ്. അതു വായിക്കുമ്പോഴെല്ലാം പുതിയൊരു അനുഭൂതിയുണ്ടാകുന്നു. നബി (സ) തിരുമേനിയുടെ ഒരു സ്വഹാബി അതിഥിയ്ക്കു ഭക്ഷണം നല്കുന്നതിനുവേണ്ടി തന്റെ മക്കളെ അതും ഇതുമൊക്കെ പറഞ്ഞ് വിശന്നനിലയിൽ ഉറക്കിയപ്പോഴായിരുന്നു അത്. പക്ഷേ, അതിഥിയെ ഒരുവിധത്തിലും ആ വിഷമം അദ്ദേഹം അറിയിക്കുന്നില്ല. അടുത്ത ദിവസം നബി(സ)തിരുമേനിയുടെ അടുക്കൽ ആ അൻസ്വാരീ വരുമ്പോൾ നബി(സ)തിരുമേനി ചിരിച്ചുകൊണ്ട് പറഞ്ഞു, തന്ത്രത്തോടുകൂടിയുള്ള നിങ്ങളുടെ അതിഥി സൽക്കാരം കണ്ടിട്ട് അല്ലാഹുവും ചിരിച്ചുപോയി.

ആ അതിഥിസൽക്കാരം അല്ലാഹുവിന് എത്ര ഇഷ്ടപ്പെട്ടുവെന്നാൽ അവൻ നബി(സ)തിരുമേനിയെ അക്കാര്യം അറിയിച്ചു. ഈ സ്വഹാബാക്കൾ തങ്ങളെക്കാളും എന്നല്ല തങ്ങളുടെ പൊന്നോമനമക്കളെക്കാളും അതിഥികൾക്ക് മുൻഗണന നല്കുന്നവരായിരുന്നു. തീർച്ചയായും ഇക്കൂട്ടർ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കിയ ഇരുലോകങ്ങളുടേയും അവകാശികളാകുന്നു. ഈ ആവേശം സ്വഹാബാക്കളിലുണ്ടായത് നബി(സ)തിരുമേനിയുടെ മാതൃകകണ്ടിട്ടായിരുന്നു; അവിടത്തെ അധ്യാപനത്തിൽനിന്നായിരുന്നു.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും

വിശ്വസിക്കുന്നത് അവൻ നല്ല കാര്യങ്ങൾ പറയുകയോ മൗനം പാലിക്കുകയോ ചെയ്തുകൊള്ളട്ടെ! ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത് അവൻ തന്റെ അയൽവാസിയെ ആദരിച്ചുകൊള്ളട്ടെ! ആരാണോ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നത് അവൻ തന്റെ അതിഥിയെ ബഹുമാനിച്ചുകൊള്ളട്ടെ! ആരുടെ വീട്ടിലാണോ അതിഥികൾ വരുന്നത് അവരും രാത്രി അനാവശ്യ സംസാരങ്ങളിൽ സമയം നഷ്ടപ്പെടുത്തുന്നതിനുപകരം കൂടുതൽ സമയം ഈ ദിനങ്ങളിൽ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കാര്യങ്ങൾ പറയുന്നതിൽ ചെലവഴിക്കേണ്ടതാണ്. നന്മയുടെ കാര്യങ്ങൾ പറയുക. നന്മനിറഞ്ഞ കാര്യങ്ങൾ പഠിപ്പിക്കുക. നിങ്ങളുടെ നടപടികളേയും നിങ്ങളുടെ സൽസ്വഭാവങ്ങളേയും ഉന്നത നിലവാരത്തലെത്തിക്കുക. രാത്രിയോ പകലിന്റെ ഏതെങ്കിലും ഭാഗത്തോ ഫ്രീ ആകുമ്പോൾ, ഒഴിഞ്ഞിരുന്നുകൊണ്ട് വ്യർഥമായി സംസാരിച്ച് സമയം പാഴാക്കിക്കളയുന്നതിനുപകരം ദീനീപരമായ കാര്യങ്ങൾ പറയുക. അതിന്റെ സ്വാധീനവും അതിഥികളിലുണ്ടാകുന്നതാണ്. സ്വഹാബാക്കൾ(റ)ഇക്കാര്യം മനസ്സിലാക്കി. അതുകൊണ്ട് വന്ന അതിഥികളുടെ സംഘത്തിന് -അതിന്റെ ഉദാഹരണമാണ് ഞാൻ നേരത്തെ പറഞ്ഞത്- കിടക്കാനുള്ള നല്ല സൗകര്യം അവർ ഒരുക്കുകയും നല്ല ഭക്ഷണം നല്കുകയും ചെയ്തതിനോടൊപ്പം അവരുടെ ആത്മീയവും ദീനീപരവും വൈജ്ഞാനികവുമായ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കാനും ശ്രമിച്ചിരുന്നു. അവർ തങ്ങളുടെ വീട്ടിൽ ചെന്നുകഴിഞ്ഞാൽ തങ്ങളുടെ സ്വന്തക്കാർക്കും നല്ല നിലയിൽ ശിക്ഷണം നല്കുന്നതിനും നല്ല നിലയിൽ ഇസ്‌ലാമിന്റെ സന്ദേശം തങ്ങളുടെ പ്രദേശത്ത് പ്രചരിപ്പിക്കുന്നതിനുമായിരുന്നു ഇത്.

നമ്മുടെ ജമാഅത്തിലും തർബിയ്യത്തിന്റേയും തബ്‌ലീഗിന്റേയും വകുപ്പുകളുണ്ട്. ജൽസാ ദിനങ്ങളിൽ അതിന്റെ ടീമും ഉണ്ടാക്കുന്നു. വിവിധ ജനവിഭാഗങ്ങളോടൊപ്പം രാത്രിയിൽ യോഗങ്ങളും ചേരാറുണ്ട്. ഈ ആത്മീയമായ ഭക്ഷണവും സ്വന്തക്കാർക്കും മറ്റുള്ളവർക്കും തീറ്റിക്കുക എന്നതും ഡ്യൂട്ടിക്കാരുടെ ചുമതലയാണ്. അതിനുള്ള ഏർപാടുകൾ നല്ലനിലയിൽ ചെയ്യേണ്ടതാണ്. ഡ്യൂട്ടിക്കാരുടെ കർമപരമായ മാതൃകയും അവരുടെ സംസാരങ്ങളുമെല്ലാം അതിഥി സൽക്കാരത്തിന്റെ ഭാഗമാണെന്നത് അവരെപ്പോഴും മുന്നിൽ കാണേണ്ടതാണ്. വെറും സേവനം ചെയ്യുക എന്നതല്ല. ഈ ഭാഗത്തേക്കും ആ ദിനങ്ങളിൽ ശ്രദ്ധ ഉണ്ടാകേണ്ടതാണ്. ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ സത്യദാസൻ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) അതിഥിസൽക്കാരത്തിന്റെ മാതൃക നമുക്ക് എങ്ങനെയാണ് കാണിച്ചു തന്നിട്ടുള്ളത്? എങ്ങനെയാണ് ശിക്ഷണം നല്കിയിട്ടുള്ളത്? ഇതിന്റെ ഉദാഹരണങ്ങളിൽ ചിലത് സമർപിക്കുകയാണ്.

അതിഥികളെ ആദരിക്കുകയും മാനിക്കുകയും ചെയ്ത സംഭവം. ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്യുകയും ശിഷ്യബന്ധം ഉണ്ടാകുകയും ചെയ്ത ഒരു അതിഥി ഒരിക്കൽ ഖാദിയാനിൽ വന്നു. ആ ശിഷ്യബന്ധത്തിന്റെ ആവേശത്താൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലുകൾ അമർത്തിക്കൊടുക്കാൻ തുടങ്ങി. ആ നേരത്ത് മുറിയുടെ ജനൽപാളിയിലോ വാതിലിലോ ആരോ മുട്ടിവിളിച്ചു. ആ സ്വഹാബി പറയുന്നു: ഞാനെഴുന്നേറ്റ് ജനൽ തുറക്കാൻ ഭാവിച്ചു. പക്ഷേ, ഹദ്‌റത്ത് മസീഹ് മൗഊദ്(അ)വേഗം എഴുന്നേല്ക്കുകയും വാതിൽ തുറക്കുകയും ചെയ്തു. പറഞ്ഞു: 'താങ്കൾ നമ്മുടെ അതിഥിയാണ്. അതിഥികളെ ആദരിക്കണമെന്ന് നബി(സ)തിരുമേനി പറഞ്ഞിട്ടുണ്ട്.' നോക്കുക! ഇവിടെ അടിസ്ഥാനപരമായി രണ്ടു കാര്യങ്ങളുണ്ട്. ഒന്ന് ശിഷ്യത്വത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) തന്റെ കാല് അമർത്താൻ അനുവദിച്ചു. രണ്ടാമത്തേത് അതിഥിയോടുള്ള കടമ നിറവേറ്റുന്നതിന് പെട്ടെന്നെഴുന്നേറ്റ് തന്റെ യജമാനരായ നബി(സ)തിരുമേനിയുടെ നിർദേശം മുന്നിൽവച്ചുകൊണ്ട് തന്റെ അടുത്തു വന്ന അതിഥിയെ ആദരിച്ചു. വന്നയാളെ ബഹുമാനിച്ചുകൊണ്ട് സ്വയം എഴുന്നേറ്റ് വാതിൽ തുറന്നു.

ഒരു സംഭവം ഹദ്‌റത്ത് മിയാ ബശീർ അഹ്മദ് സാഹിബ്(റ)വിവരിക്കുന്നു: വളരെ മാന്യനും സാധുസ്വഭാവിയുമായ അഹ്മദിയായിരുന്നു ഹദ്‌റത്ത് സീഠി ഗുലാം നബി സാഹിബ്(റ). അദ്ദേഹത്തിന് പിണ്ടിയിൽ കച്ചവടമായിരുന്നു. ഹദ്‌റത്ത് മിയാ സാഹിബ് പറയുന്നു, അദ്ദേഹം എന്നോടു പറഞ്ഞു: 'ഒരിക്കൽ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)നെ കാണാൻ ഞാൻ ഖാദിയാനിൽ വന്നു. തണുപ്പ് കാലമായിരുന്നു. കുറച്ചു മഴയുമുണ്ടായിരുന്നു. ഞാൻ വൈകുന്നേരമാണ് ഖാദിയാനിലെത്തിയത്. രാത്രി ഭക്ഷണം കഴിച്ച് ഉറങ്ങാൻ കിടന്നപ്പോൾ-നേരം നല്ലവണ്ണം ഇരുട്ടിയിരുന്നു- ആരോ വാതിലിൽ മുട്ടിവിളിക്കുന്നത് കേട്ടു. ഞാൻ എഴുന്നേറ്റു വാതിൽ തുറന്നപ്പോൾ ഹദ്‌റത്ത് മസീഹ് മൗഊദ്(അ) വാതിൽക്കൽ നില്ക്കുന്നതാണ് കണ്ടത്. ഒരു കൈയിൽ ചൂടുപാലിന്റെ ഗ്ലാസ്സുണ്ടായിരുന്നു; മറുകൈയിൽ റാന്തലും. ഞാൻ ഹുദൂറിനെ കണ്ട് പരിഭ്രമിച്ചു. ഹുദൂർ വളരെ വാത്സല്യത്തോടെ പറഞ്ഞു: 'എവിടെന്നോ പാലുകൊണ്ടു വന്നു. താങ്കൾക്ക് കൊടുത്തിട്ട് വരാമെന്ന് ഞാൻ പറഞ്ഞു. താങ്കൾ പാലു കുടിക്കുക. താങ്കൾക്ക് പാലുകുടിക്കുന്ന ശീലമുണ്ടാകുമല്ലോ.' സീഠി സാഹിബ് പറയാറുണ്ടായിരുന്നു, എന്റെ കണ്ണുകളിൽ കണ്ണീരൊഴുകി. സുബ്ഹാനല്ലാഹ്! എന്തൊരു നല്ല സ്വഭാവം. അല്ലാഹുവിന്റെ പ്രിയപ്പെട്ട മസീഹ് തന്റെ സേവകരെ സേവിക്കുന്നതിൽ എത്രമാത്രം ആനന്ദമാണ് അനുഭവിക്കുന്നത്!

ചില പ്രത്യേകനാട്ടിലുള്ളവർക്കുവേണ്ടി അവരുടെ പ്രകൃതിക്കനുസരിച്ച് ഭക്ഷണം അവിടന്ന് തയ്യാറാക്കിക്കുമായിരുന്നു. ജൽസാദിനങ്ങളിൽ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും എല്ലാവർക്കും എത്തുന്നതിനുംവേണ്ടി പൊതുവെ ഒരു ഭക്ഷണമാണ് ഉണ്ടാക്കാറുള്ളത്. പക്ഷേ, ഇന്ന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങളുടെ ജമാഅത്ത് ഏർപാടുകൾ ചെയ്യുന്നതിലും ഏറെ ശിക്ഷണം നേടിക്കഴിഞ്ഞിരിക്കുന്നു. വാളന്റ്യർമാർ ലഭ്യവുമാണ്. എല്ലാ സംവിധാനവുമുണ്ട്. വൻ ഏർപാടുകൾ എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്നതാണ്. ഒന്നാമതായി പൊതുവെ ഒരു ലങ്കറാണുണ്ടാകാറുള്ളത്. രണ്ടാമതായി ജമാഅത്തിൽപ്പെടാത്ത അതിഥികൾക്കും ചില പ്രത്യേക നാട്ടിലെ ആളുകൾക്കും രോഗികൾക്കുംവേണ്ടി പ്രത്യേക ഭക്ഷണം തയ്യാറാക്കുന്നു. അതിന് സമയമൊന്നുമില്ല. അതിന് കുറ്റമൊന്നുമില്ല. കുറ്റമുണ്ടാകാനും പാടില്ല.

എന്തിനാണ് വേറെ ഭക്ഷണമെന്ന് ചിലർ ചോദിക്കാറുണ്ട്. ഇന്നവർക്കുവേണ്ടി പ്രത്യേക ഭക്ഷണമെന്തിന്? അവരും സഹിഷ്ണുത കാണിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ചില അതിഥികൾക്ക് ശരിയായ ഭക്ഷണം കിട്ടിയില്ല. സംഘാടകർ അതത്രകാര്യമാക്കിയിരുന്നില്ല. ആ വിവരം അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ 'ചിലയാളുകൾ ശ്രദ്ധിക്കപ്പെട്ടില്ല'എന്ന് അറിയിച്ചു. അവിടന്ന് പറഞ്ഞു, രാത്രി അല്ലാഹു എന്നെ അറിയിച്ചു, ലങ്കർ ഖാനയിൽ രാത്രിയിലുണ്ടായത് കാപട്യമാണ്. പുറംപൂച്ചാണ്. സ്വന്തക്കാർക്ക് ഭക്ഷണം നല്കി. ചിലർക്ക് നല്കപ്പെട്ടില്ല. ശരിയായ നിലയിൽ സേവനം ചെയ്യപ്പെട്ടില്ല. ഇക്കാരണത്താൽ അവിടന്ന് ലങ്കറിൽ ജോലിചെയ്യുന്നവരെ ആറു മാസത്തേക്ക് പുറത്താക്കാൻ നിർദേശിച്ചു. ശിക്ഷയും നല്കി. മൃദുല സ്വഭാവമായിരുന്നിട്ടും അതിഥി സൽക്കാരത്തിൽ വീഴ്ച വരുത്തിയത് അദ്ദേഹത്തിന് സഹിച്ചില്ല. അവിടന്ന് തൊഴിലാളികളെ ശിക്ഷിച്ചു. പിന്നീട് ലങ്കർഖാനയിൽ തന്റെ സാന്നിദ്ധ്യത്തിൽ ഭക്ഷണം തയ്യാറാക്കിച്ച് വിതരണം ചെയ്തു. അതുകൊണ്ട് അതിഥി സൽക്കാരവകുപ്പ് കൂടുതൽ സൂക്ഷ്മത പാലിക്കേണ്ട ആവശ്യമാണുള്ളത്. എവിടേയും ആർക്കും ഒരുതരത്തിലുള്ള ബുദ്ധിമുട്ടുകളും ഉണ്ടാകാൻ പാടില്ല. ജൽസയുടെ ഏർപാടുകളിൽ അതിഥിസൽക്കാര വകുപ്പ് വളരെ പ്രധാനപ്പെട്ടതാണ്. അതിഥി സൽക്കാര വകുപ്പിന് കീഴിൽ ഒരുപാട് ഏർപാടുകൾ ചെയ്യേണ്ടതുണ്ട്. അതിഥി സൽക്കാരത്തിന്റെ ഏർപാടുകൾ ശരിയായാൽ മറ്റുള്ളതെല്ലാം നിസ്സാരമായിട്ടുള്ളതാണ്. അത് സ്വയം ശരിയായിക്കൊള്ളും. അതിഥികൾക്ക് വൈദ്യസഹായം എത്തിക്കുക എന്നതും അതിഥിസൽക്കാരമാണ്. 80% എന്നല്ല അതിലും കൂടുതൽ ഞാൻ മനസ്സിലാക്കുന്നത് ജൽസയുടെ ജോലികൾ നേരിട്ട് അതിഥി സൽക്കാരത്തിൽ വരുന്നുണ്ടെന്നാണ്. അതിഥി സൽക്കാര വകുപ്പിന്റെ ബാഡ്ജ് കുത്തിയവരുടെ മാത്രം പണിയല്ല അതിഥി സൽക്കാരമെന്ന് ഓരോ വകുപ്പിലേയും പ്രവർത്തകർ മനസ്സിലാക്കേണ്ടതാണ്. പ്രത്യുത ഏകദേശം എല്ലാ വകുപ്പുകളും അതിഥി സൽക്കാരത്തിന്റെതന്നെ വകുപ്പാണ്. അതിഥികൾക്ക് സൗകര്യമൊരുക്കലും അവരെ ആദരിക്കലും ബഹുമാനിക്കലും അവരെ എല്ലാ ബുദ്ധിമുട്ടുകളിൽനിന്നും രക്ഷിക്കലുമെല്ലാം എല്ലാ പ്രവർത്തകരുടേയും നിർബന്ധ കടമയാണ്. അല്ലാഹു എല്ലാ പ്രവർത്തകർക്കും നല്ല നിലയിൽ ഈ ചുമതല നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസയും എല്ലാ വിധത്തിലും അനുഗൃഹീതമായിത്തീരട്ടെ. ഇന്ന് ആഗസ്റ്റു പതിനാലുമാണ്. പാക്കിസ്ഥാന്റെ സ്വാതന്ത്ര്യ ദിനമാണ്. അതിന്റെ അടിസ്ഥാനത്തിലും ദുആ ചെയ്യുന്നതിനുവേണ്ടി പറയുകയാണ്. അല്ലാഹു പാക്കിസ്ഥാന് യഥാർഥ സ്വാതന്ത്ര്യം നല്കുമാറാകട്ടെ. പൊതുവികാരങ്ങളെ മാനിക്കാത്ത രാഷ്ട്രീയ നേതാക്കളിൽനിന്നും സ്വാർഥരായ മതനേതാക്കന്മാരിൽ നിന്നും രാജ്യത്തെ കാത്തുരക്ഷിക്കുമാറാകട്ടെ.

ഖുത്ബയുടെ അവസാനം ഹുദൂർ റഫീഖ് ആഫ്താബ് സാഹിബിന്റെ മകൻ കമാൽ ആഫ്ത്താബ് സാഹിബിനെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സേവനങ്ങളേയും സൽസ്വഭാവങ്ങളേയും കുറിച്ച് പറഞ്ഞു. 2015 ആഗസ്റ്റ് 7-ന് ലൂക്കേമിയ രോഗം ബാധിച്ച് അദ്ദേഹം 33-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് സേഠ് അല്ലാഹ് ദത്താ സാഹിബിന്റെ പ്രപൗത്രനായിരുന്നു.

ഇപ്രകാരംതന്നെ ജർമനിയിലെ മുശ്ത്താഖ് അഅ്വാൻ സാഹിബിന്റെ മകൻ മുഹമ്മദു നഈം അഅ്വാൻസാഹിബിനേയും ഹുദൂർ അനുസ്മരിച്ചു. അദ്ദേഹം ജർമനിയിലെ റായിൻ നദിയിൽ മുങ്ങി മരിക്കുകയായിരുന്നു. 36 വയസ്സായിരുന്നു. അദ്ദേഹത്തോടൊപ്പം 12 വയസ്സുള്ള മകനും വെള്ളത്തിൽ മുങ്ങിപ്പോയി. ഇരുവരും പിതാവും മകനും വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

ഹുദൂർ പരേതന്റെ സേവനങ്ങളേയും സവിശേഷ ഗുണങ്ങളേയും അനുസ്മരിച്ചു. ഗായിബ് നമസ്ക്കരിക്കുന്നതാണെന്ന് വിളംബരം ചെയ്തു. ദുആ ചെയ്തു. സന്തപ്ത കുടുംബാംഗങ്ങൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ പെൺകുട്ടികളെ അവൻതന്നെ സംരക്ഷിക്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 14.08.15
Malayalam Translation : Mau.Mohamad Ismaeel, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala